# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 284 — 13-03-2017 ൽ മറുപടിയ്ക്ക്

### ഹൈഡ്രോഫോയിൽ അതിവേഗ യാത്രാബോട്ടുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഗീതാഗോപി :<br>ശ്രീ. സി.ദിവാകരൻ :<br>ശ്രീ. ഇ.കെ.വിജയൻ :<br>ശ്രീ. എൽദോ എബ്രഹാം : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി-കോഴിക്കോട് ജല പാതയിൽ ഹൈഡ്രോ ഫോയിൽ എന്ന അതിവേഗ യാത്രാബോട്ടുകൾ ഓടിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ; | (എ) | തീരദേശകപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആയതിന്റെ ഭാഗമായി കൊച്ചി-കോഴിക്കോട് ജലപാതയിൽ ഹൈഡ്രോഫോയിൽ എന്ന സ്വകാര്യ അതിവേഗ യാത്രാക്കപ്പൽ ഓടിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. Safe Boat trip. Pvt Ltd എന്ന കമ്പനിയാണ് ടി കപ്പൽ ഓടിക്കുന്നത്. ഇതിനായുള്ള യാത്രാക്കപ്പലിന്റെ രജിസ്ട്രേഷൻ ഉൾപ്പടെയുള്ള നടപടികൾ നടന്നു വരികയാണ്. |
| (ബി) | പ്രസ്തുത യാത്രാബോട്ടിന്റെ സേവനം വിഴിഞ്ഞത്തേക്ക് നീട്ടുന്നത് പരിഗണിക്കുമോ ; | (ബി) | കൊച്ചി-കോഴിക്കോട് ജലപാതയിൽ സർവ്വീസ് ആരംഭിച്ച ശേഷം പ്രവർത്തന പുരോഗതി വിലയിരുത്തി സർവ്വീസ് മറ്റ് സ്ഥലങ്ങളിലേക്ക് നീട്ടുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | വിഴിഞ്ഞം കന്യാകുമാരി അതിവേഗ ജലപാത യാത്ര സംബന്ധിച്ച് പഠനം നടത്തുമോ ; വിശദാംശങ്ങൾ നൽകുമോ ? | (സി) | വിഴിഞ്ഞം - കന്യാകുമാരി അതിവേഗ ജലപാത യാത്ര സംബന്ധിച്ച് പഠനം നടത്തുന്നതിന് National Training Planning and Research Center (NATPAC) - നെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ